പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *123</u> 30.09.2016 ൽ മറുപടിക്ക്

## റോഡ് സുരക്ഷ അതോറിറ്റി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.വി. വിജയദാസ്<br>,, ജെയിംസ് മാത്യു<br>,, എം.രാജഗോപാലൻ<br>,, ആന്റണി ജോൺ | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഓഡിറ്റ് പരാമർശം അറിയിക്കാമോ; | (എ) കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ 2008-09 മുതൽ 2015-16 വരെയുള്ള വരവുചെലവു കണക്കുകൾ 2016 ഏപ്രിൽ മാസത്തിൽ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടത്തിയിരുന്നു. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച ധൂർത്തിനെക്കുറിച്ചും അഴിമതിയെക്കുറിച്ചും പരിശോധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) എ.ജി യുടെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളെല്ലാം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിച്ച് എ.ജി ക്ക് റിപ്പോർട്ട് നല്കുന്നതിലേക്ക് 03.08.2016 ലെ 31 മത് റോഡ് സുരക്ഷാ അതോറിറ്റി മീറ്റിംഗിൽ ഓഡിറ്റ് റിപ്പോർട്ട് അജണ്ടയായി ഉൾപ്പെടുത്തുകയും വിവിധ വകുപ്പുകളെ സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശങ്ങളിന്മേൽ അടിയന്തരമായി മറുപടി നൽകുവാനും ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള എക്സിക്യൂട്ടീവ് മീറ്റിംഗ് വിളിക്കുവാനും തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 09.09.2016 ന് 21 മത് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും ഓഡിറ്റ് പരാമർശങ്ങൾ ചർച്ച ചെയ്യുകയും വിവിധ വകുപ്പുകളിൽ നിന്നും ഓഡിറ്റ് പരാമർശങ്ങളിൽ ലഭിച്ച മറുപടി പരിശോധനയ്ക്കായി പ്രിൻസിപ്പൽ അകൗണ്ടന്റ് ജനറലിന് നല്കുവാൻ തീരുമാനിക്കുകയും ചെയ്തു. |
| (സി) റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട് സ്രോതസ്സ് ഏതൊക്കെയാണെന്നും ഫണ്ട് യഥാസമയം ലഭ്യമാക്കിയോ എന്നും അറിയിക്കാമോ; | (സി) 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റിന്റെ 10,11 വകുപ്പുകൾ പ്രകാരമാണ് കേരള റോഡ് സുരക്ഷാ അതോറിറ്റിയക്ക് ഫണ്ട് ലഭിക്കുന്നത്. അപ്രകാരം സംസ്ഥാനത്ത് ഉപയോഗിക്കുന്നതോ ഉപയോഗിക്കുന്നതിനായി സൂക്ഷിച്ചിട്ടുള്ളതോ ആയ ഏതൊരു മോട്ടോർ |

വാഹനത്തിൻമേലും അങ്ങനെയുള്ള വാഹനങ്ങൾക്കായി ആക്റ്റിന്റെ പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള നിരക്കുകളിൽ ഒറ്റ പ്രാവശ്യ സെസ്സ് ഈ ആക്റ്റിലെ ആവശ്യങ്ങൾക്കായി ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നു. കൂടാതെ, സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും നൽകുന്ന ഗ്രാന്റുകൾ, വായ്പകൾ അല്ലെങ്കിൽ മുൻകൂറുകൾ, പൊതു സ്ഥാപനങ്ങളിൽ നിന്നോ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നോ സംഘടനകളിൽ നിന്നോ ഉള്ള സംഭാവനകൾ, 28-ാം വകുപ്പിൻ കീഴിൽ ശേഖരിച്ച രാജിയാക്കൽ ഫീസ് , എന്നിവ ഫണ്ട് സ്രോതസ്സുകളാണ്. അതുപോലെ 1988-ലെ മോട്ടോർ വാഹന ആക്റ്റ് (1988-ലെ 59-ാം കേന്ദ്ര ആക്റ്റ്) 200-ാം വകുപ്പിൻകീഴിൽ മുൻവർഷത്തിൽ ശേഖരിച്ച രാജി യാക്കൽ ഫീസിന്റെ അൻപത് ശതമാനത്തിന് തുല്യമായ ഒരു തുക ഓരോ വർഷവും ഫണ്ടിലേക്ക് സംസ്ഥാന സർക്കാർ നല്കുന്ന വിഹിതവും ഫണ്ട് സ്രോതസ്സാണ്. നാളിതുവരെ റോഡ് സുരക്ഷാ അതോറിറ്റിയ്ക്ക് 173.12 കോടി ബഡ്ജറ്റ് വിഹിതം ലഭ്യമാക്കിയിട്ടുണ്ട്.

| | |
|---|---|
| (ഡി) ഫണ്ടിന്റെ അപര്യാപ്തത അതോറിറ്റിയുടെ പ്രവർത്തനത്തെ എങ്ങനെ സ്വാധീനിച്ചെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; പ്രശ്നം പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) ഫണ്ടിന്റെ അപര്യാപ്തത റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനത്തെ സ്വാധീനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**